# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 609 **30.06.2016 - ൽ മറുപടിക്ക്**

## ശുദ്ധജല പദ്ധതികൾ പൂർത്തിയാക്കാൻ മുൻ ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പാക്കിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.റ്റി.ബൽറാം** | **ശ്രീ. മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ശുദ്ധജല പദ്ധതികൾ പൂർത്തിയാക്കാൻ മുൻ ഗവൺമെന്റ് എന്തെല്ലാം കർമ്മ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്; വിശദമാ ക്കുമോ; | (എ) സംസ്ഥാനത്ത് ശുദ്ധജല പദ്ധതികൾ പൂർത്തിയാക്കാൻ മുൻ ഗവൺമെന്റ് 100 ദിന കർമ്മ പരിപാടി, സപ്തധാരാ പദ്ധതി, മിഷൻ 676 തുടങ്ങിയ പേരുകളിൽ കർമ്മപദ്ധതികൾ ആവിഷ്കരിച്ചിരുന്നു. 100 ദിന കർമ്മ പരിപാടിയിൽ 21 ശുദ്ധജലവിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.സപ്തധാരാ പദ്ധതി മുഖേന 33 പദ്ധതികളും, മിഷൻ 676 മുഖേന കേരളാ ജല അതോറിറ്റിയിൽ നിലവിൽ പണി നടന്നുകൊണ്ടിരിക്കുന്ന ചെറുതും വലുതുമായ 154 കുടിവെള്ള പദ്ധതികളും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. |
| (ബി) ഇതുവഴി എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചത്; | (ബി) മേൽപ്പറഞ്ഞ കർമ്മപദ്ധതികൾ മുഖേന കേരള വാട്ടർ അതോറിറ്റിയിൽ പണി നടന്നു കൊണ്ടിരുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുവാനാണ്. ലക്ഷ്യമിട്ടിരുന്നത്. |

| | | | |
|---|---|---|---|
| (സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ; | (സി) | കേരള വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന ചെറുതും വലുതുമായ പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ വേണ്ടി സർക്കാർ തലത്തിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീങ്ങുന്നതിനായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ഡി) | പദ്ധതി നിർവഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരി ച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | മേൽ പറഞ്ഞ കർമ്മപദ്ധതികൾ മുഖേന 158 പദ്ധതികൾ പൂർത്തീകരിക്കുവാനും ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ